# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 144    10.12.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ കമ്പനിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താല്കാലികാടിസ്ഥാനത്തിൽ നിയമിച്ച 11 ജീവനക്കാരെ പിരിച്ചു വിടാൻ ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിച്ച 11 ജീവനക്കാരെ പിരിച്ചു വിടുന്നതിന് 28.09.2011-ൽ കൂടിയ കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുള്ളത് പ്രകാരം കമ്പനി ഉത്തരവിറക്കുകയുണ്ടായി. ഇതിനെതിരെ പ്രസ്തുത ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ നിന്നും ഒരു സ്റ്റേ സമ്പാദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവർ തുടരുകയും ചെയ്തിരുന്നു. ബഹു. ഹൈക്കോടതി പിന്നീട് പ്രസ്തുത പെറ്റീഷൻ ഡിസ്മിസ്സ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവർ പിരിഞ്ഞു പോകുകയുണ്ടായി. |
| (ബി) ഇവരെ പിരിച്ചു വിടുന്നതിന്റെ കാരണം; | (ബി) ഇവർ നിയമിതരായിരുന്ന തസ്തികകൾക്ക് അംഗീകാരം ഇല്ലായിരുന്നതിനാലാണ് ഇവരെ പിരിച്ചു വിട്ടത്. |

| | | | |
|---|---|---|---|
| (സി) | ഇവർ എന്നാണ് നിയമിതരായത്; | (സി) | 07.01.2011, 18.01.2010, 10.01.2011, 19.05.2010, 26.09.2009, 10.01.2011, 10.01.2011, 07.05.2010, 07.05.2010 01.11.2010, 21.08.2010 എന്നീ തീയതികളിലാണ് നിയമിതരായത്. |
| (ഡി) | ഇവരുടെ നിയമനത്തിന് ശേഷം ഈ ഗവൺമെന്റ് അധികാരമേറ്റപ്പോൾ എത്ര പേരെ താല്കാലികാടിസ്ഥാനത്തിലോ കോൺട്രാക്ട് ബേസിലോ ഇതുവരെ നിയമിച്ചിട്ടുണ്ട്; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13.03.2012 -ലെ ജി.ഒ (എം.എസ്) നമ്പർ. 21/2012/മതുവ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള തസ്തികകളിലേക്ക് 3 വർഷത്തേക്കുള്ള കോൺട്രാക്ട് അടിസ്ഥാനത്തിൽ 7 പേരെ തുറമുഖ കമ്പനി നേരിട്ടും, ഡെപ്യൂട്ടേഷനിൽ 2 പേരെ സർക്കാർ ഉത്തരവ് പ്രകാരവും നിയമിച്ചിട്ടുണ്ട്. കൂടാതെ ചെയർമാന്റെ ഓഫീസിലോടുന്ന ഒരു വാഹനത്തിനു ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലികമായി ഒരു ഡ്രൈവറും ജോലി ചെയ്തു വരുന്നു. |
| (ഇ) | ഇങ്ങനെ നിയമിതരായവർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടോ; | (ഇ) | ഉണ്ട്. |
| (എഫ്) | എങ്കിൽ ഇവരെ തുടരാൻ അനുവദിച്ചതിന്റെ കാരണം | (എഫ്) | നിയമാനുസൃതമായി സർക്കാർ അംഗീകരിച്ചിട്ടുള്ള |

വ്യക്തമാക്കുമോ?

തസ്തികകളിൽ മാനദണ്ഡങ്ങൾ പാലിച്ച് ഒരു കോൺട്രാക്ട് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലും സർക്കാർ ഉത്തരവ് പ്രകാരം ഡെപ്യൂട്ടേഷനിലും ജോലി ചെയ്യുന്നതിനാലാണ് ഇവരെ തുടരാൻ അനുവദിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ